അതിനും ഒരു തീരുമാനം ഉണ്ടാകുന്നില്ല എങ്കിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് സീരിയസ്സായി ആലോചിക്കും.

(2) ഇരിങ്ങാലക്കുട ജില്ല രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, വളരെ ഗൗരവമായ കാര്യത്തിലേക്ക് സഭയുടെ ശ്രദ്ധയെ തിരിക്കുവാൻ വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. അഖിലേന്ത്യാ ശരാശരി അനുസരിച്ച് ഒരു ജില്ലയുടെ ജനസംഖ്യ എന്നു പറയുന്നത് 18.50 ലക്ഷമാണ്. കേരളത്തിൽ ജില്ലയുടെ ശരാശരി ജനസംഖ്യ എന്നു പറയുന്നത് 21.78 ലക്ഷമാണ്. ഇത് കാനേഷുമാരി കണക്ക് അനുസരിച്ചുള്ളതാണ്. ഈ കണക്കനുസരിച്ച് ഒരു പുതിയ ജില്ല കേരളത്തിൽ അനിവാര്യമാണ്. ഭൂമിശാസ്ത്രപരമായിട്ടുള്ള ആവശ്യത്തെ മാനിച്ചും ഭരണ നിർവ്വഹണത്തിനും ഇത് അത്യന്താപേക്ഷിതമാണ്. അങ്ങനെ വരുമ്പോൾ 1949 ജൂലായ് മാസം ഒന്നാം തീയതി നിലവിൽവന്ന തൃശ്ശൂർ ജില്ലയുടെ അഞ്ച് താലൂക്കുകളിലായിട്ട് 252 വില്ലേജുകളും പതിനേഴ് ബ്ലോക്കുകളിലായി 99 പഞ്ചായത്തുകളും ആറ് മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനും 3032 ച: കി. മീറ്റർ ചുറ്റളവിലായി സ്ഥിതി ചെയ്യുന്നതും 2,295,550 ജനസംഖ്യയുമുള്ള തൃശ്ശൂർ ജില്ല വിഭജിച്ച് ഇരിങ്ങാലക്കുട കേന്ദ്രമായി പുതിയ ഒരു ജില്ല രൂപീകരിക്കണമെന്നാണ് എനിക്ക് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്. നിലവിലുള്ള തൃശ്ശൂർ ജില്ലയുടെ മേപ്പ് ഇതാണ്. ബഹുമാന്യനായ മന്ത്രി കെ. എം. മാണി സാറിന് ഇതു സംബന്ധിച്ച കാര്യങ്ങൾ അറിയാമെന്ന് എനിക്ക് ബോദ്ധ്യമുണ്ട്. ഇതാണ് വിസ്തൃതമായ ജില്ല. മുകുന്ദപുരം താലൂക്കിന്റെ കിഴക്കേഅറ്റം സ്ഥിതി ചെയ്യുന്നത് തമിഴ്നാട്ടിലാണ്. അങ്ങനെ വരുമ്പോൾ ഈ ജില്ല ഡിവൈഡ് ചെയ്ത്, തൃശ്ശൂർ ജില്ലയുടെ തെക്കേ ഭാഗമായിട്ടുള്ള ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് പുതിയ ജില്ല രൂപീകരിക്കുമ്പോൾ മുകുന്ദപുരം താലൂക്ക്, കൊടുങ്ങല്ലൂർ താലൂക്ക്, നാട്ടിക, പാറക്കടവ് ബ്ലോക്ക്, വടകര എന്നിങ്ങനെയായി 1649 ച: കിലോമീറ്ററിലായി 17.70 ലക്ഷം ജനസംഖ്യ വരുന്ന നിലയിൽ ജില്ല രൂപീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പുതിയ ജില്ലയുടെ രൂപരേഖ ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് നാളുകളായി ആവശ്യപ്പെടുന്ന ഒരു സംഗതിയാണ്. ഞാൻ ഈ നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരുന്ന സംഗതിയാണിത്. തൃശ്ശൂർ ജില്ല കേരളത്തിലെ മറ്റു ജില്ലകളിൽനിന്ന് ജനസംഖ്യയിൽ മുമ്പന്തിയിൽ നില്ക്കുന്ന ജില്ലകളിൽ ഒന്നാണ്. അങ്ങനെ വരുമ്പോൾ തീർച്ചയായും ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് ഒരു ജില്ല രൂപീകൃതമായാൽ ഭരണ നിർവ്വഹണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഏറെ സഹായകരമാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. തൃശ്ശൂർ പട്ടണത്തിൽനിന്ന് കിലോമീറ്ററുകളോളം അകലെ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമായ ഇരിങ്ങാലക്കുടയുടെ വികസനത്തിന് ഇത് പര്യാപ്തമാകുമെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. നിലവിൽ മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമാണ് ഇരിങ്ങാലക്കുട. വിവിധ സർക്കാർ ഓഫീസുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ റൂറൽ ജില്ലാ ട്രഷറി, ഇലക്ട്രിക്കൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എക്സിക്യൂട്ടീവ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, ഡിവിഷൻ ഓഫീസുകൾ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഓഫീസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, പോലീസ് സ്റ്റേഷനുകൾ, താലൂക്ക് ഓഫീസ്, വാട്ടർ അതോറിറ്റി ഓഫീസുകൾ, ഇറിഗേഷൻ ഓഫീസുകൾ, സെയിൽസ് ടാക്സ് ഓഫീസ്, സപ്ലൈ ഓഫീസ് അതുപോലെ താലൂക്ക് ഹോസ്പിറ്റൽ, എം.എ.സി.ടി., ജില്ലാ കോടതി, മജിസ്ട്രേട്ട് കോടതി, മുനിസിഫ് കോടതികൾ, പി.ഡബ്ലിയു.ഡി. ഓഫീസുകൾ പി.ഡബ്ലിയു.ഡി. റസ്റ്റ് ഹൗസ്സുകൾ, മുൻനിരയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്കിംഗ് സ്ഥാപനങ്ങളുടേയും പ്രമുഖ ബ്രാഞ്ചുകൾ, എക്സൈസ് ഓഫീസുകൾ, എംപ്ലോയ്മെന്റ് ഓഫീസ്, അഗ്രികൾച്ചറൽ ഓഫീസുകൾ, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസ്, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്, ഹൗസിംഗ് ബോർഡ് ഓഫീസ്, പ്രശസ്തമായ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി നിരവധി ഓഫീസുകളും സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന പ്രദേശമാണ് ഇരിങ്ങാലക്കുട. ഇപ്പോൾ ഇരിങ്ങാലക്കുടയിൽ ബഹുനിലകളോടുകൂടിയ ജില്ലാ ഭരണകൂടം പ്രവർത്തിക്കുവാൻ അനുയോജ്യമായ സിവിൽ സ്റ്റേഷൻ സമുച്ചയത്തിന്റെ പണിയും പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ ഏതു ഭാഗത്തു നിന്നും സുഗമമായി എത്തിച്ചേരാൻ കഴിയുന്ന ഗതാഗത സൗകര്യവും ഇരിങ്ങാലക്കുടയ്ക്കുണ്ട്. സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയുടെ സാംസ്ക്കാരിക കേന്ദ്രം ഇരിങ്ങാലക്കുടയാണ്. കൂത്ത്, കൂടിയാട്ടം തുടങ്ങിയ പാരമ്പര്യകലകളുടെ ഉത്ഭവ സ്ഥാനവും ഇരിങ്ങാലക്കുടയാണ്. നളചരിതം ആട്ടക്കഥയിലൂടെ കാളിദാസനും ഷേക്സ്പിയറിനും സമശീർഷനും പ്രസിദ്ധനുമായ ഉണ്ണായിവാര്യരുടെ ജന്മ സ്ഥലവും ഇരിങ്ങാലക്കുടതന്നെ. ചരിത്രപരമായ നിരവധി സവിശേഷത ഇരിങ്ങാലക്കുട എന്ന പ്രദേശത്തിനുണ്ട്. കേരള സംസ്ഥാനത്തെ സംസ്ക്കാര സമ്പന്നമാക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചിട്ടുള്ളത് ഇരിങ്ങാലക്കുടയാണ്. സാങ്കേതിക രംഗത്ത് ഇരിങ്ങാലക്കുടയ്ക്ക് മികച്ച പാരമ്പര്യമാണുള്ളത്. കേരളത്തിലെ ആദ്യത്തെ സാഹിത്യ സമ്മേളനം നടന്നത് ഇരിങ്ങാലക്കുടയിലെ കീഴുത്താണിയിൽ വച്ചായിരുന്നു. വാണിജ്യ-വ്യവസായ രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ ഇരിങ്ങാലക്കുട നല്കിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഇരിങ്ങാലക്കുട നല്കുന്ന സംഭാവന വളരെ വലുതാണ്. കേരള ചരിത്രം ഉദ്ഘോഷിക്കുന്ന പ്രാചീനമായ 64

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമങ്ങളിൽ മുമ്പന്തിയിൽ നില്ക്കുന്നത് ഇരിങ്ങാലക്കുടയാണ്. ഭാരതത്തിൽ ഭരത പ്രതിഷ്ഠയുള്ള ഏക മഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത് ഇരിങ്ങാലക്കുടയിലാണ്. മറ്റ് തീർത്ഥാടനയാത്രകളുമായി സമാനതകളില്ലാത്ത നാലമ്പലം തീർത്ഥയാത്ര ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നീ രാമായണ നായകന്മാരായ ദേവന്മാരുടെ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് ഇരിങ്ങാലക്കുടയിലാണ്. കാർഷിക, വ്യാവസായിക, വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഉന്നതമായ നിലയാണ് പ്രാചീനകാലം മുതൽ ഇരിങ്ങാലക്കുടയ്ക്ക് ഉണ്ടായിരുന്നത്. ക്രിസ്തു ശിഷ്യരിൽ പ്രധാനിയായിരുന്ന തോമാ ശ്ലീഹാ ആദ്യമായി ഭാരതത്തിൽ കാലു കുത്തിയത് ഇരിങ്ങാലക്കുട രൂപതയിൽപ്പെട്ട സ്ഥലത്തായിരുന്നു. മേളത്തിന്റെ കേളി പുലരുന്ന നാട് ഇരിങ്ങാലക്കുടയാണ്. മികച്ച സംഗീത പാരമ്പര്യം സ്വന്തമായിട്ടുള്ള നാടാണ് ഇരിങ്ങാലക്കുട. സ്വാതന്ത്ര്യ സമര രംഗത്ത് ഇരിങ്ങാലക്കുട നല്കിയ സംഭാവന വളരെ വലുതാണ്. ഗണിത ശാസ്ത്ര രംഗത്ത് പ്രാചീന കാലത്ത് വലിയ നേട്ടങ്ങൾ ഇരിങ്ങാലക്കുട കൈവരിച്ചിട്ടുണ്ട് എന്നുള്ളത് വിസ്മരിച്ചുകൂട. കലാ-സാഹിത്യ- സാംസ്കാരിക വൈജ്ഞാനിക മേഖലകളിൽ, കലകളുടെ കലവറയായ ഇരിങ്ങാലക്കുട വരദാനങ്ങളുടെ നാടെന്ന് കേൾവികേട്ടിരിക്കുന്നു. സംസ്കാര കേരളത്തിന്റെ ഹൃദയ കവാടമായ ഇരിങ്ങാലക്കുട കേന്ദ്രമായി ഒരു പുതിയ ജില്ലയ്ക്ക് എന്തുകൊണ്ടും അർഹതയുണ്ട്. 2005 ഫെബ്രുവരി പതിമൂന്നാം തീയതി മുതൽ ഇരുപത്തിനാലാം തീയതിവരെ ഇരിങ്ങാലക്കുടയിൽവച്ചു നടത്തിയ "തനിമ ഇരിങ്ങാലക്കുട-2005" എന്ന സാംസ്ക്കാരിക ജനകീയ ഉത്സവത്തിൽ പങ്കെടുത്ത കേരളത്തിലെയും ഇന്ത്യയിലെയും പ്രശസ്തരും പ്രമുഖരുമായ മഹാരഥന്മാർ ഇരിങ്ങാലക്കുടയുടെ ചരിത്ര പൈതൃകത്തെയും പ്രാധാന്യത്തെയും അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെ സവിശേഷതകളാർന്ന "ഇരിങ്ങാലക്കുട ജില്ല" ഏറ്റവും ആവശ്യമായി വന്നിരിക്കുന്ന സന്ദർഭത്തിൽ, ഭാരതത്തിന്റെ ഒരു ജില്ലയിലെ ജനസംഖ്യയുടെ അനുപാതം അനുസരിച്ച് കേരളത്തിൽ ഒരു ജില്ലകൂടി ഭരണ നിർവ്വഹണത്തിന് ആവശ്യമാണെന്ന കണ്ടെത്തൽ വരുന്ന സന്ദർഭത്തിൽ തീർച്ചയായിട്ടും ഏറ്റവും ആവശ്യമായിട്ടുള്ളത് ഇരിങ്ങാലക്കുട കേന്ദ്രമായി പതിനഞ്ചാമത്തെ ജില്ല രൂപീകരിക്കുക എന്നുള്ളതാണ്. അതിന് അനുസൃതമായ, ആവശ്യമായിട്ടുള്ള കാര്യങ്ങൾ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി കെ. എം. മാണി സാറിന്റെ ഭാഗത്തുനിന്നും മുഖ്യമായും ഉണ്ടാകണം; ഈ സംസ്ഥാന ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടി ഉണ്ടാകണം. അതിനായി ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ബഹുമാന്യവ്യക്തികൾ മുൻകയ്യെടുക്കുമെന്ന പ്രതീക്ഷയോടെ ഞാൻ എന്റെ ശ്രദ്ധക്ഷണിക്കൽ അവതിരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, കൂത്തിന്റേയും കൂടിയാട്ടത്തിന്റേയും കേന്ദ്രമായ, കഥകളിയുടെ കുലപതിയായ ഉണ്ണായിവാര്യർക്കും നിരവധി സാംസ്കാരിക നായകന്മാർക്കും ജന്മം നൽകിയ ഇരിങ്ങാലക്കുടയ്ക്ക് കേരളത്തിന്റെ മാപ്പിലുള്ള പ്രാധാന്യം എത്രയോ വലുതാണ്. വാസ്തവത്തിൽ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നുവരെ ഇരിങ്ങാലക്കുടയെ വിശേഷിപ്പിക്കാവുന്നതാണ്. ആ നിലയിൽ തീർച്ചയായും ഇരിങ്ങാലക്കുടയ്ക്കുള്ള സ്ഥാനം അവിതർക്കിതമാണ്. തന്നെയുമല്ല, ശ്രീ. തോമസ് ഉണ്ണിയാടൻ ഒരു ജില്ല അവിടെ രൂപീകരിക്കേണ്ടതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ഇന്ന് നിയമസഭയിൽ വ്യക്തമാക്കിക്കഴിഞ്ഞു. പക്ഷേ ഇനി ആവശ്യമായിട്ടുള്ളത് ഒരു കമ്മീഷനെ വയ്ക്കുകയും റിപ്പോർട്ട് വരികയുമാണ്. ഞാൻ ഇതിനെ സംബന്ധിച്ച് ഓപ്പണായി പറയട്ടെ, ഗവൺമെന്റ് ഇതുവരെയും ഇക്കാര്യത്തെ സംബന്ധിച്ച് ഒരു നിലപാട് എടുത്തിട്ടില്ല. കാരണം എന്താണെന്നുവച്ചാൽ താലൂക്ക് പുനഃസംഘടനയ്ക്കുവേണ്ടി ഒരു കമ്മീഷനെ വയ്ക്കുകയുണ്ടായി. ആ കമ്മീഷൻ റിപ്പോർട്ട് കിട്ടുകയുണ്ടായില്ല. ഒരു വർഷമാണ് അവർ ചോദിച്ചത്. ആറ് മാസം കഴിഞ്ഞപ്പോൾ വീണ്ടും കാലാവധി നീട്ടിക്കൊടുക്കണമെന്ന് പറഞ്ഞു. അങ്ങനെ വീണ്ടും ആറ് മാസം നീട്ടിക്കൊടുത്തു. പക്ഷേ ഇതിനിടയിൽ റവന്യൂ സെക്രട്ടറിയായിരുന്ന ശ്രീ. സുന്ദരേശൻ, ഞാൻ ഇതിനുമുമ്പ് പല സബ്മിഷനും ഉത്തരം നൽകിയതുപോലെ അദ്ദേഹം ഫോർവേഡ് മാർക്കറ്റിംഗിന്റെ ചെയർമാനായി ബോംബെയിലേക്ക് പോയി. ആ സ്ഥാനത്ത് പുതിയ കമ്മീഷനെ നിയമിക്കേണ്ടിയിരിക്കുന്നു. ആ കമ്മീഷൻ താലൂക്ക് പുനഃസംഘടന, റവന്യൂ സബ് ഡിവിഷൻ പുനഃസംഘടന, ആവശ്യമെങ്കിൽ ജില്ല പുനഃസംഘടന എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകേണ്ടതായിട്ടുണ്ട്. തീർച്ചയായും ഇന്നത്തെ നിയമസഭാ റക്കോർഡുകളും ശ്രീ. തോമസ് ഉണ്ണിയാടന്റെ പ്രസംഗവും അതിന്റെ രൂപരേഖ മുഴുവൻ തീർച്ചയായും ആ പുതിയ കമ്മീഷൻ മുമ്പാകെ എത്തുമെന്നുള്ളതിൽ എനിക്ക് യാതൊരു സംശയവുമില്ല. അവിടത്തെ ജനപ്രതിനിധി എന്ന നിലയിൽ ആ പ്രദേശത്തെക്കുറിച്ച് അദ്ദേഹം ഇത്രമാത്രം അഭിമാനം കൊള്ളുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ തന്നെ തനിമയ്ക്കുവേണ്ടി ഇരിങ്ങാലക്കുടയിൽ വന്നതാണ്. ആയിരക്കണക്കിന് ജനങ്ങൾ അവിടെ തടിച്ചുകൂടിയിരുന്നു. അവരുടെ ആഗ്രഹം എന്റെ മനസ്സിനെ ത്രസിപ്പിച്ചു. വാസ്തവത്തിൽ അത് എന്റെ മനസ്സിൽ തറയ്ക്കുകയുണ്ടായി. ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഒരു ജില്ല വേണമെന്നുള്ള അവരുടെ ഉൽക്കടമായ ആഗ്രഹത്തിന് അങ്ങും ദൃക്സാക്ഷിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പാലായ്ക്കുവേണ്ടി പോലും ഇത്രയും പറഞ്ഞിട്ടില്ല.

ശ്രീ. കെ. എം. മാണി: പാലായുടെ സാംസ്കാരിക തനിമ ഇവിടെ വിശദീകരിക്കാൻ ഞാൻ സമയമെടുക്കുന്നില്ല. ഒരു കാര്യം താങ്കളോട് പറയട്ടെ, ഗവൺമെന്റ് തുറന്ന മനസ്സോടുകൂടി ഇത് പരിശോധിക്കാം. മദ്ധ്യതിരുവിതാംകൂർ ജില്ലയ്ക്കുവേണ്ടി ഗവൺമെന്റിന്റെ മുമ്പിൽ ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി ഒരു നിവേദനം തന്നിട്ടുണ്ട്. മൂവാറ്റുപുഴ ജില്ലയ്ക്കുവേണ്ടി ശ്രീ. ജോണി നെല്ലൂരും ഒരു നിവേദനം തന്നിട്ടുണ്ട്. മറ്റു പല ജില്ലകൾക്കും വേണ്ടിയുള്ള നിവേദനങ്ങളും ഇവിടെ വന്നിട്ടുണ്ട്. ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞതുപോലെ സ്ഥലം ഏറ്റവും ചുരുങ്ങിയിരിക്കുന്നതാണ് അഡ്മിനിസ്ട്രേഷന് നല്ലത്. പക്ഷേ സാമ്പത്തിക ഭാരമാണ് പ്രധാനപ്പെട്ട കാര്യം. ഇതിനൊക്കെ പുതിയ ഓഫീസുകളും ഉദ്യോഗസ്ഥരും വേണം. ഭരണച്ചെലവ് വരും. ഇതൊക്കെ നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. ഏതായാലും ഒരു ജില്ലയ്ക്ക് ആവശ്യമായ മിക്ക ഓഫീസുകളും ഇപ്പോൾ ഇരിങ്ങാലക്കുടയിലുണ്ട്. ഇനി ഓഫീസ് ഇല്ലെങ്കിൽപ്പോലും ഒരു ജില്ല വരികയാണെങ്കിൽ ജില്ലയ്ക്ക് ആവശ്യമായ ഓഫീസുകൾ അതിന്റെ പുറകെ വന്നുകൊള്ളും. അതുകൊണ്ട് ഇക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഇതിന്റെ എല്ലാ വശങ്ങളും മനസ്സിലാക്കുന്നുണ്ട്. ഗവൺമെന്റ് ഇത് പരിഗണിക്കുന്നതാണ്; പരിശോധിക്കാവുന്നതാണ്. ശ്രീ. തോമസ് ഉണ്ണിയാടൻ, താങ്കളുടെ ശ്രമങ്ങളുമായി മുന്നോട്ട് പോവുക. ബാക്കി കാര്യങ്ങളൊക്കെ നമുക്ക് ആലോചിക്കാം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇതിനുവേണ്ടി ഗൗരവമായ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ഗൗരവമായാണല്ലോ ഞാൻ ഇതിന് മറുപടി പറഞ്ഞത്. ഗൗരവമായ മറുപടി എന്നുപറയുന്നത് ഈ ആവശ്യം പുതിയ കമ്മീഷന്റെ മുമ്പാകെ റഫർ ചെയ്യാം. ബാക്കി കാര്യങ്ങൾ കമ്മീഷൻ പരിശോധിച്ച് റിപ്പോർട്ട് ചെയ്യണം. ആ റിപ്പോർട്ട് വന്നതിനുശേഷമേ ഗവൺമെന്റ് ഇതു സംബന്ധിച്ച് തീരുമാനമെടുക്കുകയുള്ളൂ. കമ്മീഷൻ റിപ്പോർട്ട് വരട്ടെ.

മി. സ്പീക്കർ: ഓരോ അംഗങ്ങളും ഇനി ഈ വിഷയത്തിനു സബ്മിഷൻ ഉന്നയിക്കേണ്ട കാര്യമില്ല. നേരിട്ട് എഴുതി കൊടുത്താൽ മതി.

LIBRARY ARCHIVES Kerala Legislative Assembly